


## ഹോളി ഫാമിലി ഹൈസ്കൂൾ വേനപ്പാറ

# ധ്വനി

## ഡിജിറ്റൽ മാഗസിൻ-2024

# മുഖമൊഴി

അക്ഷരങ്ങൾ അക്ഷയഖനികളാണ്....
ഇവ വാക്കുകൾ ആകുമ്പോൾ മനുഷ്യമനസ്സിന്റെ സാക്ഷാൽകാരമായി പരിണമിക്കുന്നു....
ആത്മവിശ്വാസത്തിന്റെ വിനിമയമായി മാറുന്നു.
ഉള്ളിലെ അന്ധകാരത്തെ നീക്കാൻ കഴിയുന്ന ഉൾക്കാഴ്ചകൾ
നവസമൂഹസൃഷ്ടിക്ക് കാരണമാകുന്നു.
പുതിയ കാലം...........പുതിയ ലോകം......
വാക്കുകളുടെ അനന്തസാധ്യതകൾ തുറന്നിട്ട മായാലോകം.
വിവര സാങ്കേതിക വിദ്യയുടെഅനന്തവിഹായസ്സിലേക്ക്...
അറിവിന്റെ മുത്തുകൾ ചിതറിച്ചു കൊണ്ട്,
നക്ഷത്രശോഭയോടെ ലിറ്റിൽ കൈറ്റ്സ്.................സർഗ്ഗധനരായ
വിദ്യാർത്ഥികളുടെ ഭാവനാവിലാസങ്ങൾ മധുരമൊഴികളായി,
മനോഹരവർണ്ണങ്ങളായി ...
ഡിജിറ്റൽ രൂപത്തിൽ ചേർത്തുവെക്കുന്നു.
ഓരോ സൃഷ്ടിയും തേനൂറും പൂക്കളായി വിടർന്നു വിലസുന്നു. ഈ
സുവർണ്ണമുഹൂർത്തത്തിൽ സമർപ്പിക്കുന്നു.......പ്രതിഭാധനരായ
പുതുതലമുറയുടെ മികവിന്റെ തെളിവ് **ധ്വനി**

മേരി ഷൈല
ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ

## എഡിറ്റോറിയൽ ബോർഡ്

മാനേജിംഗ് എഡിറ്റർ- ഇ ജെ തങ്കച്ചൻ(എച്ച് എം)
ചീഫ് എഡിറ്റർ – മേരി ഷൈല
സബ് എഡിറ്റർ – ബിന്ദു സെബാസ്റ്റ്യൻ
സ്റ്റുഡന്റ് എഡിറ്റർ – എവ്‌ലിൻ മരിയ ജോസ്

## എഡിറ്റോറിയൽ ബോർഡ്അംഗങ്ങൾ

സിബില മാത്യൂസ്
നിദ ഫാത്തിമ
അർജ്ജുൻ സുധീഷ്
ലൈന മരിയ
ആൻ ലിയ ജിന്റോ





# ആശംസ

വേനപ്പാറ ഹോളി ഫാമിലി ഹൈസ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷിക്കുന്നു. ഹൈടെക് സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനും സംരക്ഷിക്കുന്നതിനും കുട്ടികളുടെ സാങ്കേതിക പരിജ്ഞാനം ഫലപ്രദമായി വർധിപ്പിക്കുന്നതിനും ഉള്ള വിവിധ പ്രവർത്തനങ്ങൾ ക്ലബ്ബ് നേതൃത്വത്തിൽ സ്കൂളിൽ നടക്കുന്നു............
പഠനപ്രവർത്തനങ്ങൾ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായതോടെ അധ്യാപകർക്കൊപ്പം മികവിലേയ്ക്കെത്താൻ കുട്ടികൾക്കും അവസരം നൽകുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് എല്ലാ ആശംസകളും നേരുന്നു.............

സ്കൂൾ മാനേജർ
സൈമൺ കിഴക്കേക്കുന്നേൽ

# ആശംസ

വേനപ്പാറ ഹോളി ഫാമിലി ഹൈസ്ക്കൂൾ, ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ഭാഗമായി ഒരുഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ആധുനിക വിവരവിനിമയ സംവേദന ഉപകരണങ്ങളോട് ഉള്ള കുട്ടികളുടെ താത്പര്യം പഠനപ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ വലിയ മാറ്റം ആയിരിക്കും ഉണ്ടാവുക. ഇത്തരത്തിലുള്ള മുന്നേറ്റം ലക്ഷ്യമാക്കിയുള്ള ഐ.ടിക്ലബ്ബിന്റെ പ്രവർത്തനങ്ങൾ അങ്ങേയറ്റം പ്രശംസനീയമാണ്. കാലഘട്ടത്തിന്റെ മടിത്തട്ടിൽ നിന്ന് നാം ആർജ്ജിച്ചെടുത്ത അറിവും അനുഭവവും ഗുരുഭൂതരുടെ വഴിനടത്തലും ഒരുമിച്ച് സമ്മേളിക്കുമ്പോൾ അത് മികച്ച സർഗാത്മ സൃഷ്ടികൾ ആയി മാറുന്നു.

ഈ ഡിജിറ്റൽ മാഗസിനായി അണിയറയിൽ പ്രവർത്തിച്ച എല്ലാവരെയും അനുമോദിക്കുന്നു. ഇതിനായുള്ള കുട്ടികളുടെയും അധ്യാപകരുടെയും എല്ലാ പരിശ്രമങ്ങളും വരും കാലങ്ങളിലുള്ള പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാവട്ടെ................

**ഇ ജെ തങ്കച്ചൻ -ഹെഡ്മാസ്റ്റർ**



# പ്രകൃതി



കാടിൻ മടിയിണയിൽ
എൻ തല ഞാൻ ചായ്ക്കുമ്പോൾ
കാറ്റുകളാൽ എൻ കവിളിനെ
കളിപ്പിച്ചും ചിരിപ്പിച്ചും
ഇലകളുടെ നാദം
കർണങ്ങൾക്ക് സുഖം
തരുന്നു
തരുവിന്റെ തണലിൽ
മെയ്യ് തണുപ്പിച്ചും...
ഇന്നില്ലാ ആ അനുഭൂതി
ഒരിക്കലും തീരാത്ത ആ
നയനാനുഭൂതി

ഡാരിയസ് മാത്യു 9 A

# സാക്ഷി

സന്തോഷത്തിലും
സങ്കടത്തിലും
ഒത്തുചേരുന്ന ഒരേ
ഒരു സത്യം
അവയാണ് പുഷ്പങ്ങൾ
ജനനത്തിൽ ചെറുപുഷ്പമായും
വിവാഹത്തിൽ ഹാരമായും
മരണത്തിൽ ചുട്ട നെഞ്ചിലും.

ആദിത്യ ലിനീഷ് 9: A



## എന്റെ അധ്യാപിക

ഇരുട്ടാകുന്ന മനം
വെളിച്ചത്താൽ നിറയ്ക്കുവാൻ
പുസ്തക ഖനികളാൽ
ചെറുവെട്ടവും തെളിച്ച്
എന്റെ മനസ്സിനെ
വെളുപ്പിച്ചെടുത്ത
എന്റെ അറിവും
വെളിച്ചവുമാണെന്റെ അധ്യാപിക




**ആദിത്യ ലിനീഷ് 9: A**

## ഭക്ഷ്യശൃംഖലയിലെ ശാസ്ത്രീയത

**അതിരാവിലെ.'.. തളിർത്തു നിൽക്കുന്ന പുല്ലിനെ ലക്ഷ്യമാക്കി വന്ന പുൽച്ചാടി അതിനെ ഭക്ഷണമാക്കി പോകുന്നതിനിടയിലാണ് പുൽച്ചാടിക്കു നേരെ തവള ചാടി വന്നത്. അതുകഴിഞ്ഞ് നേരെ തവള പോയത് കുളക്കരയിലേക്ക്.. അവിടെ എത്തിയപ്പോഴാണ് ഞെട്ടലുണ്ടായത്.ഓടിമാറാനായില്ല.അതിനു മുന്നേ കാലി വയറുമായി കിടക്കുന്ന സർപ്പം ഒറ്റക്കൊത്ത്.. തവളയുടെ ഗതിയും അതുതന്നെ. തവള വയറികത്തായപ്പോഴാണ് ഇഴയാൽ പോലും കഴിയാതെ തളർന്ന സർപ്പത്തെ പരുന്ത് റാഞ്ചി എടുക്കുന്നത്. കൊത്തിവലിച്ച് താഴേക്കിട്ട പാമ്പിനെ കോഴി ഉള്ളിലാക്കുന്നു. നിറഞ്ഞ സന്തോഷത്തിൽ ഓടി നടക്കുന്ന പൂവാലിക്കോഴിയെ നാട്ടിലെ ക്രൂരനായ ജിമ്മിപ്പട്ടി കാണുന്നു. ഒറ്റച്ചാട്ടത്തിന് പൂവാലി ജിമ്മിയുടെ അകത്തായി.**

**മുഹമ്മദ് ഹാഷിർ -8B**



# മാറാത്ത ലഹരി -കഥ

ഞാൻ അമലു. ഒരു വാലന്റൈൻസ്ഡേ ദിനത്തിലാണ് ആദ്യമായി അജ്മലിനെ കാണുന്നത്. എല്ലാവരും അവരുടേതായ പ്രണയിനികളുടെ കൂടെയിരിക്കുമ്പോൾ ഒരാൾ മാത്രം മാറിയിരിക്കുന്നു. നല്ല പൂച്ചക്കണ്ണുള്ള ആരെയും ആകർഷിക്കുന്ന മുഖസൗന്ദര്യത്തോടെയുള്ള ഒരു പയ്യൻ. ഒരേ പോലെ ദുഃഖിതരായിരുന്നു ഞങ്ങൾ. എല്ലാവരും അങ്ങോട്ടും ഇങ്ങോട്ടും സമ്മാനങ്ങൾ കൈമാറുമ്പോഴും മധുരം പങ്കുവക്കുമ്പോഴും ഞങ്ങൾക്ക് ആരും ഒന്നും തരാൻ ഉണ്ടായിരുന്നില്ല. അവൻ എന്നെ ഒന്ന് നോക്കിയിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു. എന്നാൽ അവൻ അതൊന്നും ശ്രദ്ധിക്കാതെ ഒരേ ഇരിപ്പായിരുന്നു. ഒടുവിൽ ഞാൻ തന്നെ തീരുമാനിച്ചു അവനോട് പോയി സംസാരിക്കാമെന്ന്. അങ്ങനെ ഏറെ നേരം സംസാരിച്ച് പരിചയപ്പെട്ട് ഞങ്ങൾ സൗഹൃദത്തിലായി.പക്ഷേ അവൻ എപ്പോഴും മൗനിയായിരുന്നു. ഞാൻ പലപ്രാവശ്യവും അവനോട് കാര്യം തിരക്കിയിട്ടും അവനൊന്നും പറയാൻ തയ്യാറായില്ല. അവന്റെ ഉപ്പയും...ഉമ്മയും അവന് ഒരേയൊരു മകനായിരുന്നു. അങ്ങനെ കുറെ വർഷങ്ങൾ ഞങ്ങളുടെ സൗഹൃദം മുന്നോട്ടുപോയി. അങ്ങനെ ഒരു ദിവസം അവനെക്കുറിച്ച് ഒരു വിവരവുമില്ലാതായി. അവന്റെ ഫോൺ സ്വിച്ച് ഓഫ് ആയിരുന്നു. അവന്റെ സുഹൃത്തുക്കളോട് അന്വേഷിച്ചപ്പോൾ ആർക്കും അവനെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നു. അഡ്രസ്സ് കണ്ടെത്തി ഞാൻ വീട്ടിൽ അന്വേഷിച്ചപ്പോഴാണ് ഞെട്ടിക്കുന്ന വിവരം അറിഞ്ഞത്. അവൻ കഠിനമായ ലഹരിക്ക് അടിമയായിരുന്നു എന്ന്. അവന്റെ ഉപ്പയുടെയും അമ്മയുടെയും കണ്ണുനീർ കണ്ടു നിൽക്കാൻ എനിക്കായില്ല. നന്നായി പഠിക്കുന്ന അവൻ ഉപ്പയെയും ഉമ്മയെയും നന്നായി നോക്കുന്നവനും ആയിരുന്നു. പക്ഷേ ഇപ്പോൾ ലഹരി അവനെ മറ്റൊരാളാക്കിയിരിക്കുന്നു. തന്റെ മാതാപിതാക്കളെ പോലും തിരിച്ചറിയാൻ ആവാത്ത വിധത്തിൽ ആയി തീർന്നിരിക്കുന്നു. അവൻ എനിക്ക് എന്റെ പ്രിയ സുഹൃത്തിന് ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരണമെന്ന് തോന്നി . എന്റെ ഇടപെടൽ കൊണ്ട് അവന് ആവശ്യമായ ചികിത്സകളും കൗൺസിലിംഗും ഏർപ്പെടുത്തി. എന്റെ സുഹൃത്തിനെ പഴയ അജ്മൽ ആക്കി മാറ്റാൻ കഠിനമായി പരിശ്രമിച്ചു. അത് ഏറെക്കുറെ സാധ്യമാവുകയും ചെയ്തു. വളർന്നുവരുന്ന തലമുറ ലഹരിക്ക് അടിമകളാണ്. അവർക്ക് നഷ്ടമാകുന്നത് നല്ലൊരു കുടുംബബന്ധവും സമൂഹത്തിലുള്ള വിലയും സന്തോഷമുള്ള ജീവിതവുമാണ്. ആർക്കും വേണ്ടാത്തവർ ആയി മാറും എന്നല്ലാതെ അതുകൊണ്ട് ഒരു ഗുണവുമില്ല. വളർന്നുവരുന്ന ഒരു തലമുറ ഇതിന് അടിമകൾ ആകാതിരിക്കട്ടെ.

ഗോഡ്സി വർഗ്ഗീസ് 9 C



# ചരിത്രവീഥിയിലൂടെ...

കോഴിക്കോട് നഗരത്തിൽ നിന്നും ഏകദേശം 38 കി.മി. അകലെ സ്ഥിതി ചെയ്യുന്ന പ്രദേശമാണ് വേനപ്പാറ.ഇരുവഞ്ഞിപ്പുഴയുടെ സമതലത്തിൽ ചരിഞ്ഞു കിടക്കുന്ന കൊച്ചു പ്രദേശം.കോഴിക്കോട് നഗരത്തിലെ ഓമശ്ശേരി പഞ്ചായത്തിലും കൂടത്തായി വില്ലേജിലും വ്യാപിച്ചു കിടക്കുന്ന പ്രദേശമാണിത്. പൂവമ്പ്രമല,ചെങ്ങോട്ടുമല,കണ്ണങ്കോട്ടുമല,കോട്ടമല എന്നീ നാലു കുന്നുകൾക്കിടയിലാണ് ഈ ഗ്രാമം സ്ഥിതിചെയ്യുന്നത്. കോട്ടയം കോവിലകം വകയായിരുന്ന 1500 ഏക്കർ ചുറ്റളവിലുള്ള ഈ പ്രദേശം.

1944 കാലഘട്ടത്തിലാണ് വേനപ്പാറയിലേക്കുള്ള കുടിയേറ്റം ആരംഭിക്കുന്നത്.ഹിന്ദു-ക്രിസ്ത്യൻ മുസ്ലിം മതവിഭാഗങ്ങളിലുള്ളവർ ഇടകലർന്ന് സഹവർത്തിത്വത്തോടെ താമസിക്കുന്ന മനോഹരമായ ഒരു കാർഷിക ഗ്രാമമാണിത്. ഈ മണ്ണിൽ ആദ്യകാല കുടിയേറ്റക്കാർ കനകം വിളയിച്ചു.

1953-ൽ Fr.അന്തോണിനൂസ് കണിയാംകുന്നേൽ, വേനപ്പാറ തിരുകുടുംബ ദേവാലയത്തിന്റെ വികാരിയായി നിയമിക്കപ്പെട്ടതോടെയാണ് ഈ പ്രദേശത്തിന്റെ വികസനം ആരംഭിക്കുന്നത്. ക്രാന്തദർശിയായ അദ്ദേഹത്തിന്റെ നിസ്വാർത്ഥമായ സേവനങ്ങളാണ് വേനപ്പാറയുടെ മുഖച്ഛായ മാറ്റി പുരോഗതിയിലേക്ക് നയിച്ചത്.

വേനപ്പാറ എന്ന കുടിയേറ്റഗ്രാമത്തിന്റെ ചിരകാല സ്വപ്നസാക്ഷാത്ക്കാരമായി 1983ജൂൺ 15-ന് ഹോളിഫാമിലി ഹൈസ്കൂൾ സ്ഥാപിതമായി. U. P സ്കൂളിനോട് ചേർന്നാണ് ആദ്യ കാലഘട്ടത്തിൽ ഹൈസ്കൂൾ പ്രവർത്തിച്ചിരുന്നത്. ഈ കുടിയേറ്റഗ്രാമത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ഏക ആശ്രയം ഈ സ്കൂളായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി കോടഞ്ചേരി,തിരുവമ്പാടി,കൂടത്തായി എന്നിവിടങ്ങളിലേക്ക് നടന്നു പോകണമായിരുന്നു. ഇത്തരം അസൗകര്യങ്ങൾ മറികടന്ന് ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കാനുള്ള ശ്രമങ്ങളുടെ ഒരു വലിയ വിജയമായിരുന്നു ഹൈസ്കൂളിന്റെ സ്ഥാപനം.

ആത്മീയ കാര്യങ്ങളോടൊപ്പം സാമൂഹിക പരിവർത്തനം എന്ന നയപ്രകാരം ഒരു പള്ളിയ്ക്ക് ഒരു പള്ളിക്കൂടം വീതം നിർമ്മിക്കാൻ കുടിയേറ്റക്കാലത്ത് ഇവിടെയെത്തിയ ക്രൈസ്തവ പുരോഹിതർ ശ്രദ്ധിച്ചിരുന്നു.1954-ൽ സ്ഥാപിതമായ L. P സ്കൂൾ പിന്നീട് U. Pസ്കൂൾ ആയി ഉയർന്നു. ഇതിന്റെ തുടർച്ചയായി 1983-ൽ ഹൈസ്കൂൾ സ്ഥാപിതമാവുകയും 2014-ൽ അത് ഹയർസെക്കന്ററി സ്കൂൾ ആയി ഉയരുകയും ചെയ്തു. താമരശ്ശേരി വിദ്യാഭ്യാസജില്ലയുടെ കീഴിൽ മുക്കം സബ്ജില്ലയിൽ ഉൾപ്പെടുന്ന സ്കൂളാണിത്. ഓമശ്ശേരിയിൽ നിന്നും 2 കി.മി അകലെ വേനപ്പാറയിൽ, കാപ്പാട്-തുഷാരഗിരി ദേശീയ പാതയോരത്ത് ഹോളിഫാമിലി ഹൈസ്കൂൾ-ഹയർസെക്കന്ററി സ്കൂളുകൾ സ്ഥിതി ചെയ്യുന്നു. ഓമശ്ശേരി പഞ്ചായത്തിലെ നാലാം വാർഡിലാണ് ഈ സ്കൂൾ നിലനിൽക്കുന്നത്. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പ്രദേശം കൂടിയാണിത്.പരിമിതികളെ മറികടന്ന് പാഠ്യപാഠ്യേതര രംഗങ്ങളിൽ മികച്ച വിജയം നേടിക്കൊണ്ടിരിക്കുകയാണ് നമ്മുടെ സ്കൂൾ. ഇപ്പോഴത്തെ സ്കൂൾ മാനേജർ ഫാ.സൈമൺ കിഴക്കേകുന്നേലും ഹെഡ്മാസ്റ്റർ ഇ ജെ തങ്കച്ചനും ആണ്.

ഷെറി ജോസ് -സീനിയർ അസിസ്റ്റന്റ്



# ലിറ്റിൽ കൈറ്റ്സ് പദ്ധതി

സംസ്ഥാനവിദ്യാലയങ്ങൾ പൊതുവിദ്യാലയസംരക്ഷണയജ്ഞത്തിലൂടെ ഹൈടെക് ആകുമ്പോൾ വിദ്യാലയങ്ങളുടെ പരിപാലനത്തിനും ഹൈടെക് സംവിധാനങ്ങൾ സംരക്ഷിക്കുന്നതിനുംവിദ്യാർത്ഥികളുടെ സാങ്കേതിക പരിജ്ഞാനവും ഫലപ്രദമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിനായി സാങ്കേതികവൈദഗ്ധ്യമുള്ള ഒരു സംഘം കുട്ടികളെ വിദ്യാലയത്തിൽ തന്നെ സജ്ജരാക്കുന്നതിന് ആരംഭിച്ച 'ലിറ്റിൽ കൈറ്റ്സ്'എന്ന പദ്ധതി 2018 ജനുവരി 22ന് ബഹു. കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു..

ഹൈടെക് സംവിധാനത്തിൽ പഠനപ്രവർത്തനങ്ങൾ കൂടുതൽ സാങ്കേതികവിദ്യാ അധിഷ്ഠിതമാകുന്നതോടെ അധ്യാപകർക്കൊപ്പം പ്രവർത്തനങ്ങളുടെ നിർമ്മിതിയിലും നടത്തിപ്പിലും വിദ്യാർത്ഥികളും പങ്കാളികളാകുന്നത് ഉചിതമായിരിക്കും. അത് സാധ്യമാകണമെങ്കിൽ ഉപകരണങ്ങളുടെ സജ്ജീകരണത്തിലും വിഭവങ്ങളുടെ നിർമ്മാണത്തിലും സാങ്കേതിക വൈദഗ്ധ്യമുള്ള ഒരു സംഘം കുട്ടികൾ വിദ്യാലയത്തിൽതന്നെ സജ്ജരാകേണ്ടതുമുണ്ട്. കേരളത്തിലെ പുതിയ തലമുറയിൽ വലിയ ഒരു വിഭാഗംവിവരവിനിമയ സംവേദന ഉപകരണങ്ങളെ ഉപയോഗിക്കുന്നവരാണെങ്കിലും ഈ രംഗത്ത് താൽപര്യവും അഭിരുചിയും ഉള്ളവരെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന് ബോധപൂർവ്വമായ ശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു. കുട്ടികൾ അവർ ദൈനംദിനം കാണുകയും ഉപയോഗിക്കുകയും പരിചരിക്കുകയും ചെയ്യുന്ന ഇന്റെർനെറ്റ്, മൊബൈൽ ആപ്പുകൾ, സോഫ്റ്റ്‌വെയറുകൾ, ആനിമേഷനുകൾ, ഗെയിമുകൾ തുടങ്ങിയവ എങ്ങനെ പ്രവർത്തിക്കുന്നു എന്നതും എങ്ങനെ നിർമ്മിക്കപ്പെട്ടു എന്നതും പുതിയ ലോകത്തിന്റെ ശാസ്ത്രാന്വേഷണപരിധിയിൽ വരേണ്ടവ തന്നെയാണ്.

മേൽപറഞ്ഞ സാഹചര്യങ്ങളും ആവശ്യങ്ങളും മുന്നിൽകണ്ട്, വിവരവിനിമയ സാങ്കേതികവിദ്യയിൽ അഭിരുചിയും കഴിവുമുള്ള കുട്ടികളുടെ ഒരു സംഘം വിദ്യാലയങ്ങളിൽ രൂപപ്പെടുത്തിയെടുക്കുന്നതിനുള്ള ശ്രമമാണ് 'ലിറ്റിൽ കൈറ്റ്സ്.

ബിന്ദു സെബാസ്റ്റ്യൻ - ലിറ്റിൽകൈറ്റ് മിസ്ട്രസ്





## എന്റെ അന്ത്യം - കവിത


കയ്യിൽ നിന്ന് വായിലേക്ക് കയറി
മതിൽ കെട്ടുകൾ ഞെക്കി ഞെരുക്കി
അവൻ കടക്കുകയാണ്
അന്നനാളത്തിൽ തരംഗ രൂപത്തിൽ
ആമാശയത്തിലേക്ക്
ആമാശയ ഭിത്തികൾ ഞെക്കി ഞെരുക്കി
കുഴമ്പ് രൂപത്തിലാക്കി
വൻകുടലിലേക്ക് സഞ്ചരിക്കുമ്പോൾ
അവന്റെശ്വാസം ഏകദേശം നിലച്ചിരുന്നു.
പോഷകങ്ങൾ മാത്രം ആഗിരണം ചെയ്തു.
ചെറുകുടലിൽ വച്ച് ദഹനം പൂർത്തിയാക്കി.
എന്നെ നിഷ്കരുണം പുറത്തേക്ക് ഉപേക്ഷിച്ചു

കാവ്യശ്രീ 8B

## ശാസ്ത്രം ലോക നന്മയ്ക്ക് - ഉപന്യാസം

ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ ഇന്ന് ലോകത്തെ വളരെയധികം മാറ്റിമറിച്ചിരിക്കുന്നു എന്നാൽ ശാസ്ത്രം ഗുണമോ ദോഷമോ എന്ന ചോദ്യത്തിന് മനുഷ്യന് ഇന്നും ഉത്തരമില്ല. നേട്ടത്തിന്റെ പട്ടിക ഉയർത്തിക്കൊണ്ട് മനുഷ്യൻ ലോക പുരോഗതിയിലേക്ക് പോകുമ്പോൾ മനുഷ്യൻ ആഹ്ലാദം കൊള്ളുകയും ശാസ്ത്രത്തിന്റെ സഹായത്തോടെ ജീവിതം ഗുണകരമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അതേസമയം ശാസ്ത്രം വരുത്തിവെക്കുന്ന ദോഷങ്ങളെക്കുറിച്ച് ആകുലപ്പെടുകയും ചെയ്യുന്നു. പൂർണ്ണമായ തിന്മയോ നന്മയോ ലോകത്ത് ഒരിടത്തും കാണാൻ കഴിയില്ല. ഗുണദോഷങ്ങളുടെ സമ്മേളനമാണ് ഈ ലോകത്തെ ഇങ്ങനെ നിലനിർത്തുന്നത്. നന്മകളെ വളർത്തുവാനും തിന്മകളെ തിരിച്ചറിഞ്ഞു തിരുത്താൻ ശ്രമിക്കുമ്പോഴുമാണ് മനുഷ്യരാശിക്കും ലോകത്തിനും ഉപകാരപ്രദമാകുന്നത്. ശാസ്ത്രപുരോഗതിയുടെ കാര്യത്തിലും ഇത് ബാധകമാണ്. മനുഷ്യജീവിതം കൂടുതൽ ആവേശവും ഉല്ലാസവും നിറയ്ക്കാൻ ശാസ്ത്ര പുരോഗതിക്ക് സാധിക്കും. വൈദ്യശാസ്ത്ര രംഗത്തുണ്ടായ മാറ്റവും വളരെ വലുതാണ്. ആധുനിക ചികിത്സാരീതികളും പുതിയതരം മരുന്നുകളും ഏറെ പേരുടെ ജീവൻ രക്ഷിച്ചിട്ടുണ്ട്. കമ്പ്യൂട്ടറിന്റെയും യന്ത്രങ്ങളുടെയും കണ്ടുപിടുത്തം മനുഷ്യരുടെ അധ്വാനത്തെ കുറയ്ക്കുന്നു. ശാസ്ത്രത്തിന് വിദ്യാഭ്യാസ രംഗത്തും വളരെയേറെ മുന്നേറാൻ സാധിച്ചു. ഇതെല്ലാം ശാസ്ത്രത്തിന്റെ ഒരു വശം മാത്രമാണ്. ഇതിനൊരു മറുവശവും കൂടി ഉണ്ട്. തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നത് യന്ത്രങ്ങളുടെ പ്രവർത്തനമാണ്. എന്നാൽ ഇതിന് കാരണം ശാസ്ത്രമല്ല, മനുഷ്യനാണ്. ശാസ്ത്രത്തെ വളർത്തുന്ന മനുഷ്യൻ അതിനെ ശരിയായി കൈകാര്യം ചെയ്യണം. മനുഷ്യന്റെ എല്ലാ പ്രവർത്തികളും ലോക നന്മയ്ക്ക് ഉതകുന്നതായിരിക്കണം. ശരിയായി പറഞ്ഞാൽ ശാസ്ത്രം ഗുണമോ ദോഷമോ അല്ല. മനുഷ്യന്റെ ഇടപെടലുകളാണ് അതിനെ എങ്ങനെ ഉപയോഗിക്കണം എന്ന് നിശ്ചയിക്കുന്നത്..

കാവ്യശ്രീ രഞ്ജിത്ത് -8B



## മടുപ്പ് - കവിത

അദ്‌ൽ അബ്ദുറഹ്മാൻ - 9 A

കൊഴുപ്പേറി വീർത്തു
പുലർച്ചെക്കെണീറ്റു നടക്കണം.
പിന്നെയാവാം...

ഫോണിൽ തോണ്ടി മടുത്തു
കൂട്ടുകാരോടൊപ്പം കളിക്കണം.
പിന്നെയാവാം...

കളിച്ചു മടുത്തു
ഇനി വല്ലതും പഠിക്കണം.
പിന്നെയാവാം...

മനസ്സ് നന്നാവണം
ക്ഷമിച്ചു പഠിക്കണം.
പിന്നെയാവാം...

ഒടുവിൽ നാട്ടുകാർ പറഞ്ഞു
ഉടൻ വേണം
പിന്നെയാവാൻ  പറ്റില്ല
വെച്ചിരുന്നാൽ നാറും.

## കടൽ - കവിത

മുഹമ്മദ് ഫാബിൻ സി 9 A

കൈകളിലൂടെ ഹൃദയം കോർക്കുമ്പോഴും
കൺകളിലൂടെ മൗനം പൂമാനമാകുമ്പോഴും
നിൻ ചിരിയിലൂടെ സൗന്ദര്യം നിറഞ്ഞു തൂവുമ്പോഴും
സഖീ തേടുകയാണെൻ പ്രാണൻ നിനക്കായ്

നിൻ ചുണ്ടിലെൻ നാമമരുളുമ്പോഴും
നിൻ കൈകൾ തൻ ചൂടെൻ കൈകളിലടിയുമ്പോഴും
നിന്നോർമ്മയിലെൻ മനം തേടുന്നു
ഈ പ്രണയക്കടലിൽ തിരയുന്നു ഞാൻ നിന്നെയും
നീ എന്നെയും.



# നക്ഷത്രം എന്ന മിന്നാമിന്നി

നക്ഷത്രം... ഹാ എത്ര മനോഹരം.. എല്ലാവരുടെ മനസ്സിലെയും ഒരു തിളക്കമാണ് നക്ഷത്രം.കുട്ടികളുടെ മനസ്സിലെ മിന്നാമിന്നിയും വലിയവരുടെ മനസ്സിലെ നക്ഷത്രങ്ങൾക്കും എല്ലാം ഒരേ തിളക്കമാണ്.ഈ പ്രപഞ്ചത്തിൽ നക്ഷത്രത്തെ ഒന്ന് കൺമുന്നിൽ കാണാൻ ആഗ്രഹിക്കാത്തവരായി ആരുമുണ്ടാവില്ല .അങ്ങനെ ഒരാളാണ് ഞാനും.

വേറെ ആരേ കുറിച്ചുമല്ല ഞാൻ പറയുന്നത് രാത്രി ആകുമ്പോൾ ആകാശത്തിന്റെ നിലാവായ ചന്ദ്രനും;എന്ന് പറയുന്നതിനേക്കാൾ രസം അമ്പിളിമാമൻ എന്ന് പറയുന്നതാവും . ആ അമ്പിളി മാമനെ വർണ്ണിക്കാൻ എന്നത് പോലെ വരുന്ന നക്ഷത്രത്തെ ആണ് ഞാൻ പറയുന്നത്. എനിക്ക് ഏറ്റവും ഇഷ്ടം തോന്നിയത് ചന്ദ്രനോടല്ല നക്ഷത്രത്തോടാണ്. പണ്ടുള്ളവർ പറയാറുണ്ട് ദിവസവും പത്തു നക്ഷത്രത്തെ എണ്ണിയാൽ ആഗ്രഹിച്ചത് നടക്കുമെന്ന് .അതൊക്കെ അന്ധവിശ്വാസമാണെങ്കിലും എനിക്ക് അതൊരു കൗതുകമാണ് . നക്ഷത്രങ്ങൾക്ക് ഉണ്ടാകുന്ന തിളക്കമാണ് മനുഷ്യരിലെ മനസ്സിനും. ചിലതിന് തിളക്കം ഉണ്ടാകും ചിലതിന് തിളക്കം ഉണ്ടായെന്നു വരില്ല. അങ്ങനെയാണ് മനസ്സ്.ചിലപ്പോൾ സന്തോഷം എന്ന തിളക്കം ഉണ്ടാകും ചിലപ്പോൾ സങ്കടം എന്ന തിളക്കം ഇല്ലായ്മയും ഉണ്ടാകും. പക്ഷേ തിളക്കത്തിനാണ് ഭംഗി കാണാനും ആസ്വദിക്കാനും.! നക്ഷത്രങ്ങൾ എന്നും ഒരുപോലെയായിരിക്കില്ല ചിലപ്പോൾ കുറേ ഉണ്ടാകും. ചിലപ്പോൾ ഒന്നു പോലും കാണില്ല. ഞാൻ പഠിച്ചിട്ടുണ്ട് നക്ഷത്രത്തെ കൂട്ടി ചേർത്താൽ വേട്ടക്കാരൻ ആയും പലതായും കാണാം എന്ന് കൗതുകമായ കാര്യം. എല്ലാവരും പറയാറുണ്ട് ആകാശത്തെ സ്വപ്നം കാണുന്നത് നല്ലതാ എന്ന് . അതുകൊണ്ടായിരിക്കും നക്ഷത്രത്തെ എണ്ണിയാൽ ആഗ്രഹം സഫലമാകുമെന്ന് പറയാറ്. നക്ഷത്രം ആസ്വദിക്കുമ്പോൾ അതിൻറെ തിളക്കം മനസ്സിലാവും. മനുഷ്യരുടെയും തിളക്കം.. സന്തോഷമെന്ന തിളക്കം.. അതുകൊണ്ട് എപ്പോഴും തിളക്കമുള്ളവർ ആവുക

**നിത ഫാത്തിമ 8C**



# സ്നേഹവീട് - കഥ

ചെറുപ്രായത്തിൽ തന്നെ ഉപ്പ നഷ്ടപെട്ട വളരെ മിടുക്കിയായ മിന്നു.അന്യവീടുകളിൽ അടുക്കളപ്പണി ചെയ്താണ് പാവം ഉമ്മ മിന്നുവിനെ വളർത്തുന്നതും പഠിപ്പിക്കുന്നതും. പഠനത്തിൽ വളെരെ മിടുക്കിയായ അവൾ ചിത്രകലയിലും മറ്റു കലാകായിക മത്സരങ്ങളിലും മികവ് പുലർത്തിയിരുന്നു. സ്വന്തമായി വീട് പോലുമില്ലാത്ത മിന്നു ജീവിതം മുന്നോട്ട് കൊണ്ട് പോവാൻ ഒരുപാട് കഷ്ടപെടുന്നുണ്ടായിരുന്നു.

ഒരു ദിവസം തന്റെ അദ്ധ്യാപകൻ ക്ലാസ്സിൽ വെച്ച് എല്ലാവരോടും അടുത്ത ദിവസം വരുമ്പോൾ ഒരു വെള്ള പേപ്പറിൽ ചിത്രം വരച്ച് കളർ ചെയ്ത് വരാൻ പറഞ്ഞു.ഒരു പേന വാങ്ങാൻ തന്നെ ഉമ്മ അനുഭവിക്കുന്ന കഷ്ടപ്പാട് മിന്നുവിന്ന് അറിയാം. അതിനിടയിൽ എങ്ങനെയാണ് കളറും കൂടെ.. ഉമ്മാക്ക് കഴിയില്ലെങ്കിൽ അത്തരം ചെറിയ സാധനങ്ങൾ തന്ന് സഹായിക്കുന്നത് അയൽ പകത്തുള്ള ചേച്ചിയാണ്. പക്ഷേ കളർ വാങ്ങിത്തെരൻ പറയാൻ എന്തോ, മിന്നുവിന്ന് മടി. എന്ത് ചെയ്യും? വീടെത്തും വരെ മിന്നു ആലോചിച്ചു.

അവസാനം വീട്ടിലെത്തിയ ഉടൻ പുസ്തകം കോലായിൽ വെച്ച് അവൾ ഓടി തൊടിയിലേക്ക്. ഒരുപാട് ചെടികളും പൂക്കളും നിറഞ്ഞു നിൽക്കുന്ന തൊടിയായിരുന്നു അത്. അവിടെയുള്ള പല നിറത്തിലുള്ള ചെടികളും പുക്കളും പറിച്ച് ഒരു കവറിലാക്കി. തിരിച്ചു വരുമ്പോൾ ചേച്ചിയോട് കുറച്ച് വെള്ള പേപ്പറും വാങ്ങി. തിരിച്ചെത്തിയപ്പോൾ ഉമ്മ ചായയുമായി കാത്തിരിക്കുകയായിരുന്നു..

മോൾ ചായപോലും കുടിക്കാതെ എങ്ങോട്ടാ ഓടിയത്?

വേഗം വന്ന് ഇത് കുടിക്ക് മോളേ.. ഉമ്മയുടെ സ്നേഹശാസന കേട്ട് അവൾ വേഗം ചായ കുടിച്ച് പേപ്പറും ചെടികളുമായി പിന്നാപുറത്തേക്ക് ഓടി. ആ സ്ഥലം അവൾക് ഏറെ പ്രിയപ്പെട്ടതായിരുന്നു. പുഴയിലേക്കും നോക്കി വെറുതെയിരിക്കാൻ നല്ല രസമാ... അവൾ അവിടെ ഇരുന്ന് തീരത്തിരുന്ന് പറിച്ച ചെടികളും പൂക്കളും കയ്യിലെടുത്ത് അവയുടെ ചാറെടുത്തു. പേപ്പറിൽ എന്തൊക്കയോ ചെയ്തു. അവളുടെ കഴിവും ഭാവനയും ചെടികളിലെ വർണ്ണങ്ങളും കൂടിച്ചേർന്നപ്പോൾ അതൊരു മനോഹര ചിത്രമായി. അവളുടെ സ്വപ്നങ്ങളത്രയും ചാലിച്ചെടുത്ത ഒരു മനോഹരമായ വീടായിരുന്നു ചിത്രത്തിൽ.

പിറ്റേന്ന് ക്ലാസ്സിലെത്തി. എല്ലാവരും ചിത്രങ്ങൾ പരസ്പരം കണ്ടു. മിന്നുവിന്റെ ചിത്രം കണ്ടപ്പോൾ എല്ലാവർക്കും അവളോട് അസൂയ മൂത്തു. കൂട്ടത്തിൽ തടിയനായ, പോലീസിന്റെ മകനാണ് എന്ന് പൊങ്ങച്ചം പറയുന്ന ഹാരിസിന്ന് ആ ചിത്രം എങ്ങനെയെങ്കിലും കൈക്കലാക്കണമെന്ന് അതിയായ ആഗ്രഹം. അതിനവൻ ഒറ്റത്തവണ ശ്രമിച്ചതേ ഉള്ളൂ... മിന്നുവിന്റെ കൈകൊണ്ട് വയറിനൊരു ഇടി കിട്ടി. കിളി പോയ ഹാരിസിന് അനങ്ങാൻ പോലും ആയില്ല

ഹാരിസിന്റെ പോലീസ് ആയ ഉപ്പയെ പേടിച് മിന്നു പിറ്റേന്ന് സ്കൂളിൽ പോയില്ല. ഹാരിസ് വിട്ടിൽ ചെന്ന് കാര്യങ്ങളെല്ലാം പറഞ്ഞിരുന്നു. അത്യാവശ്യം ചാരിറ്റി പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്ന ഹാരിസിന്റെ ഉപ്പ വിവരങ്ങൾ എല്ലാം അറിഞ്ഞു. മിന്നുവിന്റെ വീട്ടിലേക്ക് പോകാമെന്നായി. ഒരു കണക്കിന് പറഞ്ഞാൽ ആ ഇടി മിന്നുവിന്റെ ജീവിതം മാറ്റി മാറിച്ചിരുന്നു.മിന്നുവിന്റെ വീട്ടിൽ എത്തിയ ഹാരിസിന്റെ ഉപ്പ തന്റെ കണ്ണുകളെ നിയന്ത്രിക്കാൻ പാടുപെട്ടു. ചോർന്നൊലിക്കുന്ന വീടും ആ ഉമ്മയെയും അദ്ദേഹത്തിന്റെ മനസ്സിനെ വല്ലാതെ നൊമ്പരപെടുത്തി. പിന്നീടെല്ലാം പെട്ടന്നായിരുന്നു. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ പലരുടെയും സഹായത്താൽ കുറച്ച് സ്ഥലം വാങ്ങി. അവിടെ ഒരു വിടുയർന്നു.

അവൾ അന്ന് വെള്ള പേപ്പറിൽ വരച്ച അതുപോലുള്ള മനോഹരമായൊരു വീട് പണിഞ്ഞു. അതായിരുന്നു സ്നേഹ വീട്.....

സൈനബ സൈന - 8A






ദിയാൻ സഫ്മാൻ



റിയാൻ സഫ്മാൻ






എവ്‌ലിൻ മരിയ ജോസ് -9 B



ഹിബ ഒ പി 8 C




നിയ നാസിൻ - 9 A



ആൽബിൻ ബിനു - 9A



അനശ്വര ഷിജു - 10 A

# വിദ്യാർഥികളും ബഹുജന മാധ്യമങ്ങളും

നമ്മുടെ ജീവിതത്തിൽ വളരെയധികം സ്വാധീനം ചെലുത്തുന്ന ഒന്നാണ് ബഹുജന മാധ്യമങ്ങൾ. മാധ്യമങ്ങൾ നശിച്ചാൽ നമ്മുടെ പഞ്ചേന്ദ്രിയങ്ങൾ നശിക്കും. ബഹുജന മാധ്യമങ്ങൾ ഇല്ലാത്ത ലോകത്തേക്കുറിച്ച് മനുഷ്യന് ചിന്തിക്കാനാവില്ല. അറിവ് നേടാനും അത് പ്രയോഗിക്കാനും കൈമാറ്റം ചെയ്യാനും മാധ്യമങ്ങൾ കൂടിയേ തീരു. ഇവ വിദ്യാർത്ഥികളെ തന്റെ അറിവിന്റെ ലോകം വിപുലമാക്കാൻ സഹായിക്കുന്നു.അനവധി ദൃശ്യശ്രാവ്യമാധ്യമങ്ങൾ ഇന്ന് നമ്മുടെ ആശയ ലോകത്തെയും ആശയവിനിമയ പ്രക്രിയയെയും സാഹയിക്കുന്നുണ്ട്, അച്ചടി, റേഡിയോ, ടെലിവിഷൻ, കമ്പ്യൂട്ടർ തുടങ്ങിയ ശാസ്ത്ര സാങ്കേതിക വിദ്യാകളുടെ വിപ്ലവകരമായ പുരോഗതി സമ്മാനിച്ച ദൃശ്യശ്രാവ്യ മാധ്യമങ്ങൾ മനുഷ്യന്റെ സന്തതചാരിയായി ജീവിതത്തെ അർത്ഥവത്താക്കുന്നു.

പത്രം, വാരികകൾ, മാസികകൾ എന്നിവയിലൂടെ സാമൂഹികവും ആഗോളപരവുമായ വിഞ്ജാനത്തിന്റെ മേഖലകൾ നമ്മുടെ മുന്നിലെത്തുന്നു. ദൈനംദിനം ലോകത്ത് സംഭവിക്കുന്ന ഓരോ കാര്യങ്ങളും അർഹിക്കുന്ന ഗൗരവത്തോടെ മനസിലാക്കുവാൻ വിദ്യാർത്ഥികളെ ഇവ സഹായിക്കുന്നു.

നമ്മുടെ അറിവിന്റെ പരിധി കൂട്ടാൻ പുസ്തകങ്ങൾ , ദിനപത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവക്ക് കഴിയുന്നു. എങ്കിൽ തന്നെയും ഇവ നിഷ്പക്ഷമായും ആത്മാർഥമായും ആണോ വാർത്തകൾ കൈകാര്യം എന്ന് നാം ശ്രദ്ധിക്കേണ്ടതാണ്. അതിനാൽ വിവേചന ബുദ്ധിയോടെയെ ഇത്തരം മാധ്യമങ്ങളെ സാമീപ്പിക്കാവൂ. റേഡിയോ, ദൂരദർശൻ, കമ്പ്യൂട്ടർ തുടങ്ങിയവ ആധുനിക യുഗത്തിലെ ഏറ്റവും ഫലപ്രാപ്തമായ ദൃശ്യശ്രാവ്യ മാധ്യമങ്ങളാണ്. ലോകത്തിൽ നടക്കുന്ന കാര്യങ്ങൾ നമുക്കു എത്തിച്ചു തരുന്ന ഏറ്റവും നല്ല ശ്രാവ്യമാധ്യമമാണ് റേഡിയോ.

വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അറിവ് പകർന്നു തരാനും അവരുടെ സംശയങ്ങൾ ഇല്ലാതാക്കാനും സഹായിക്കുന്ന ധാരാളം പരിപാടികൾ ഇതിൽ ഉണ്ട്. വാർത്തകൾ വളച്ചൊടിക്കാറില്ല എന്നതുതന്നെ ഇതിന്റെ വിശ്വാസ്യത വർധിപ്പിക്കുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കാര്യങ്ങൾ സ്വന്തം വീട്ടിൽ ഇരുന്ന് കാണാനും കേൾക്കാനും ആസ്വദിക്കാനും കഴിയുന്ന ഒരു ബഹുജന മാധ്യമമാണ് ദൂരദർശൻ. നമുക്കു അറിവ് പകർന്നു തരുന്ന പ്രശ്നോത്തരി, കാർഷികരംഗം തുടങ്ങിയ പരിപാടികൾ ഇതിൽ ഉണ്ട്.നമ്മുടെ സംശയങ്ങൾ നേരിൽ കണ്ടു ദൂരീകരിക്കൻ ഇത് സഹായിക്കുന്നു. നല്ല രീതിയിൽ സംവിധാനം ചെയ്ത പല ചലച്ചിത്രങ്ങളും ഉത്കൃഷ്ടങ്ങളായ വിദ്യാഭ്യാസ മാധ്യമങ്ങളാണ്.നല്ല ഉദ്ദേശത്തോടെ നിർമിക്കുന്ന പല ചലച്ചിത്രങ്ങളും നമ്മുടെ അറിവ് വർധിപ്പിക്കുന്നതാണ്. നന്മയും തിന്മയും ഇടകലർന്ന ചലച്ചിത്രങ്ങളിൽനിന്ന് നന്മയെ തിരഞ്ഞെടുക്കാനാണ് നാം ശ്രദ്ധിക്കേണ്ടത്.

ഇരുപതാം നൂറ്റാണ്ടിലെ ശാസ്ത്ര സാങ്കേതിക രംഗത്തെ മഹത്തായ പുരോഗതിയാണ് കമ്പ്യൂട്ടർ. ഏതു വിഷയത്തിലും നിമിഷങ്ങൾക്കുള്ളിൽ വിശദമായ വിവരങ്ങൾ നൽകി നമ്മുടെ അറിവ് വർധിപ്പിക്കാൻ ഇതിനു കഴിയുന്നു. നിശ്ചിത ബട്ടനുകൾ അമർത്തിയാൽ വരെ ദൂരെയുള്ള വിവരങ്ങളും ഞൊടിയിടിയിൽ ലഭിക്കാൻ കഴിയുന്നു എന്നത് വാർത്താവിനിമയ രംഗത്ത് ശ്രദ്ധേയമായ വികാസമാണ്.

**ഡെൽന എലിസബത്ത് -9A**





ദേവിക പി പി -10A





എയ്ഞ്ചൽ എം എ 10B



അമീന ഹുദ - 10 A



അനശ്വര ഷിജു 10 A

## ഉണരാം.. ഉയരാം.. ലഹരിയ്ക്കെതിരെ.

ലഹരിയുടെ മഹാവിപത്ത് ആധുനിക സമൂഹത്തെ ശക്തമായി കീഴടക്കി കൊണ്ടിരിക്കുന്ന ഈ കാലത്ത് അതിനെതിരെയുള്ള സന്ദേശങ്ങൾ പ്രചരിപ്പിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുക എന്നത് ഒരു അനിവാര്യതയാകുന്നു. സംസ്ഥാന സർക്കാരും അതിൽ മുൻകൈയെടുത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. 2022 ഗാന്ധിജയന്തിദിനമായ ഒക്ടോബർ 2 മുതൽ കേരളപ്പിറവി ദിനമായ നവംബർ 1 വരെ ആദ്യഘട്ട ലഹരി വിരുദ്ധ പ്രചാരണ പ്രവർത്തനങ്ങൾ നീണ്ടുനിന്നു. തുടർന്ന് ശിശുദിനം മുതൽ രണ്ടാംഘട്ട പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. കുട്ടികളിലും കൗമാരക്കാരിലും ലഹരിയുടെ വിപത്തുകളെ കുറിച്ച് മുന്നറിയിപ്പുകൾ നൽകുക എന്നതാണ് ഇത്തരം പ്രവർത്തനങ്ങളുടെ മുഖ്യ ലക്ഷ്യം. വിവിധ രൂപത്തിലും ഭാവത്തിലും കുരുന്നുകളെ ആകർഷിച്ചുകൊണ്ടിരിക്കുന്ന ലഹരി വസ്തുക്കളിൽ നിന്ന് പൂർണ്ണമായും അകന്നു നിൽക്കാനും കൂടുതൽ ഉത്തരവാദിത്വത്തോടെ ജീവിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യേണ്ടതാണ്. ലഹരിഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുക, ആരോഗ്യകരമായ ഒരു സമൂഹത്തിൻ്റെ നിലനിൽപ്പ് ഉറപ്പുവരുത്തുക എന്നീ ചിന്തകളോടെ 1987 മുതൽ ജൂൺ 26 ലോക ലഹരിവിരുദ്ധ ദിനം ആയി ആചരിച്ചുവരുന്നു. കുട്ടികളും യുവജനങ്ങളും ആണ് ലഹരിയുടെ ലോകത്തേയ്ക്ക് എളുപ്പം ആകർഷിക്കപ്പെടുന്നത് എന്ന് നമുക്കറിയാം.  വിദ്യാർത്ഥി സമൂഹത്തിന് ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി ഇടപെടാൻ സാധിക്കും. തങ്ങൾക്കൊപ്പമുള്ള കൂട്ടുകാരോ അവരുടെ കുടുംബാംഗങ്ങളോ ലഹരിയ്ക്കടിമപ്പെടുന്നുണ്ടോ എന്ന് തിരിച്ചറിയാനും വേണ്ട തിരുത്തലുകൾ നൽകാനും അധ്യാപകരെയോ മുതിർന്നവരെ അറിയിച്ചു വേണ്ട പരിഹാരമാർഗങ്ങൾ കണ്ടെത്താനും കഴിയുന്ന രീതിയിലേക്ക് ഉയരാൻ വിദ്യാർത്ഥികൾക്ക് സാധിക്കണം. അപ്പോഴാണ് ഈ സമൂഹം മാനവികതയുടെ പ്രചാരകരായി മാറുന്നത്.

**അർജ്ജുൻ സുധീഷ് 9 C**

## സ്കൂളിലെ ലഹരിവിരുദ്ധ ദിനാചരണം





# നന്ദിയുടെ പൂച്ചെണ്ടുകൾ

വളരെ കുറഞ്ഞ ദിവസങ്ങൾ കൊണ്ടാണ് ഇങ്ങനെയൊരു ഡിജിറ്റൽ മാഗസിൻ പൂർത്തിയായത്.ഏറെ പരിമിതികളുണ്ടായിട്ടും ഏതാനും വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും കഠിന പരിശ്രമത്തിൽ പിറന്ന ഒരു കൊച്ചു സൃഷ്ടിയാണിത്.കുറവുകൾ ധാരാളമുണ്ട്. എങ്കിലും ഞങ്ങളുടെ കൂട്ടായ്മയുടെ പ്രകടനമെന്ന നിലയിൽ ഇതിന്റെ മൂല്യം വളരെ വലുതാണ്. ഇതിനായി പ്രയത്നിച്ച എല്ലാവരെയും പ്രത്യേകമായി എല്ലാവിധ പ്രോത്സാഹനങ്ങളും നൽകിയ ഹെഡ്മാസ്റ്റർ തങ്കച്ചൻ സാർ,മറ്റ് അധ്യാപകർ, പ്രിയപ്പെട്ട ലിറ്റിൽകൈറ്റ് അംഗങ്ങൾ,മറ്റു കുട്ടികൾ തുടങ്ങി ...എല്ലാവർക്കും ഹൃദ്യമായ നന്ദി....

ലിറ്റിൽകൈറ്റ്സ് ടീം

ഹോളി ഫാമിലി ഹൈസ്കൂൾ വേനപ്പാറ

